


# നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട

(യോഹ. 14:1 – 14) Vol. 10, Issue: 53

ബ്ര. പ്രവീൺ സണ്ണി പുത്തൻപുരയിൽ MCBS

കുരിശുമരണത്തിന്റെ അസ്വസ്ഥതകളിൽ നിന്ന് ഉത്ഥാനത്തിന്റെ പ്രതീക്ഷകളിലേയ്ക്ക് തിരുസഭ ദൈവജനത്തെ നയിക്കുന്ന കാലമാണ് ഉയിർപ്പുകാലം. രക്ഷാകരചരിത്രത്തിന്റെ മുഴുവൻ കേന്ദ്രബിന്ദുവാണ് ഈശോയുടെ ഉത്ഥാനം. അതിനാൽ, ആരാധനാക്രമവത്സരത്തിലെ ഏറ്റവും വലിയ തിരുനാളും ഏറ്റവും പുരാതനമായ തിരുനാളും ഉയിർപ്പുതിരുനാളാണ്. പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി ഈശോ ഉത്ഥാനം ചെയ്തതിനെയോർത്ത് ഈ കാലത്തിൽ തിരുസഭ ആനന്ദിക്കുകയും പ്രാർത്ഥിക്കുകയും അതിലുപരി ഈ രഹസ്യത്തെ ധ്യാനിക്കുകയും ചെയ്യുന്നു. ഉയിർപ്പുകാലത്തിലെ മൂന്നാമത്തെ ആഴ്ചയിലേയ്ക്ക് നാം ഇന്നു പ്രവേശിക്കുമ്പോൾ തിരുസഭാമാതാവ് നമ്മുടെ വിചിന്തനത്തിനു നൽകിയിരിക്കുന്ന വചനഭാഗം വി. യോഹന്നാന്റെ സുവിശേഷം 14-ാം അധ്യായത്തിലെ വിടവാങ്ങൽ പ്രസംഗത്തിൽ നിന്നുള്ളതാണ്. ശിഷ്യഹൃദയങ്ങളിലെ മാനുഷികവികാരങ്ങളെ തന്റെ വചനങ്ങൾ അസ്വസ്ഥപ്പെടുത്തുന്നുണ്ടെന്നു മനസ്സിലാക്കിയ ഈശോ അന്ന് അവരോടും, ഇന്ന് നമ്മോടും പറയുകയാണ് 'നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട' എന്ന്.

അന്ത്യ അത്താഴവിരുന്നിനിടയിലെ പാദക്ഷാളനത്തിനും, യൂദാസിന്റെ വഞ്ചനയെയും, പത്രോസിന്റെ തിരസ്കരണത്തെയും കുറിച്ചുള്ള മുന്നറിയിപ്പിനും ലോകം കണ്ടതിൽ വച്ച് സ്നേഹത്തിന്റെ ഏറ്റവും വലിയ കൽപന നൽകിയതിനുംശേഷമാണ് ഈശോ ഈ വചനങ്ങൾ പറയുന്നത്. മൂന്നു വർഷക്കാലം തങ്ങളുടെ കൂടെയായിരുന്നവൻ അടുത്ത നിമിഷം തങ്ങളെ വിട്ടു പിരിയുമെന്നും അവനായിരിക്കുന്നിടത്ത് തങ്ങൾക്കു പോകാൻ കഴിയില്ലെന്നും അറിയുമ്പോഴാണ് ശിഷ്യരുടെ ഹൃദയത്തിൽ അസ്വസ്ഥതയുടെ പുൽനാമ്പുകൾ മുളയെടുത്തു തുടങ്ങിയത്.

എന്താണ് ഈ അസ്വസ്ഥത? അല്ലെങ്കിൽ എങ്ങനെയാണ് അസ്വസ്ഥതയെ മനസ്സിലാക്കാൻ കഴിയുക? മാറ്റിവയ്ക്കാനോ എടുത്തുമാറ്റാനോ കഴിയാത്ത ജീവിതപ്രതിസന്ധികളിൽ മനുഷ്യനെ/മനുഷ്യഹൃദയത്തെ കീഴടക്കുന്ന ഒരു വികാരമാണ് അസ്വസ്ഥത എന്നുവേണമെങ്കിൽ പറയാം. അങ്ങനെയെങ്കിൽ നമ്മുടെ അനുദിന ജീവിതത്തിലൂടെ ഒന്ന് കണ്ണോടിച്ചാൽ അസ്വസ്ഥമാകാൻ നമുക്ക് എത്രയോ കാരണങ്ങളാണുള്ളത്? പ്രിയപ്പെട്ടവരുടെ രോഗാവസ്ഥ, മരണം, ജീവിതപങ്കാളിയുടെ സ്വഭാവവൈകല്യങ്ങൾ, മക്കളുടെ പഠനം,

ഭാവി, സാമ്പത്തിക പ്രതിസന്ധികൾ, കടബാ ധ്യ തകൾ, വിവാഹതടസ്സങ്ങൾ... അങ്ങനെ അസ്വ സ്ഥരാകാൻ അനേക കാരണങ്ങൾ ഉള്ളപ്പോ ഴാണ് 'അസ്വസ്ഥരാകരുത്' എന്ന ഗുരുവചനം ഉയരുന്നത്.

മനുഷ്യഹൃദയത്തിന്റെ അസ്വസ്ഥതയുടെ കുരു ക്കഴിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കു കയുള്ളൂ. അതിനാലാണ് ഈശോ അസ്വസ്ഥത യ്ക്കൊരു മറുമരുന്ന് നൽകിയത് - 'ദൈവത്തിൽ വിശ്വസിക്കുക; എന്നിലും വിശ്വസിക്കുക.' ക്രിസ് തുവാകുന്ന വഴിയിലൂടെ പിതാവായ ദൈവത്തി ലേയ്ക്ക് സഞ്ചരിക്കുമ്പോൾ മാത്രമേ മനുഷ്യഹൃ ദയത്തിന്റെ അസ്വസ്ഥതകൾക്ക് അറുതി വരിക യുള്ളൂ. ദൈവത്തെ സ്നേഹിക്കുകയും അവിടു ത്തോട് ചേർന്നുനിൽക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യന് യഥാർത്ഥമായ ശാന്തതയും സമാധാ നവും ലഭിക്കുക എന്ന് ആദ്യവായനയിൽ ഏശ യ്യാ പ്രവാചകനിലൂടെ നാം വായിച്ചുകേട്ടു. രണ്ടാം വായനയും ഇതേ സൂചകങ്ങളാണ് നമുക്കു മു മ്പിൽ വരച്ചുകാട്ടിയത്. മനുഷ്യൻ ദൈവത്തിന് എതിരുനിൽക്കേണ്ടവനല്ല. മറിച്ച്, ദൈവത്തോട് ചേർന്നുനിൽക്കേണ്ടവനാണ്. തന്റെ ആത്മാവും മനസ്സും ശരീരവും പൂർണ്ണമായും ദൈവത്തിനു സമർപ്പിച്ച് ക്രിസ്തുവിലൂടെ സഞ്ചരിക്കേണ്ടവ രാണ്. അതിനാണ് അനാദിയിലെ മനുഷ്യരെ തിര ഞ്ഞെടുത്തിരിക്കുന്നതെന്ന് എഫേസോസുകാർ ക്കെഴുതിയ ലേഖനത്തിലൂടെ വി. പൗലോസും പറഞ്ഞുവയ്ക്കുന്നു. തന്റെ മുമ്പാകെ സ്നേഹ ത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു.

സഭാപ്രസംഗകന്റെ പുസ്തകം 7:29-ൽ ഇപ്രകാ രം പറയുന്നു: "ദൈവം മനുഷ്യനെ സരളഹൃദയ നായി സൃഷ്ടിച്ചു. എന്നാൽ, അവന്റെ സങ്കീർ ണ്ണപ്രശ്നങ്ങൾ അവന്റെ തന്നെ സൃഷ്ടിയാണ്." ഇതു തന്നെയാണ് ഇന്ന് ഈശോയും നമ്മോട് പറഞ്ഞുവയ്ക്കുക. അസ്വസ്ഥമാകേണ്ട ഒന്നല്ല നമ്മുടെ ഹൃദയം. മറിച്ച്, അത് ശാന്തതയുടെ ഉറ വിടമാകണം. അസ്വസ്ഥകൾ കൂടിവരുന്ന ഒരു ലോകത്തിൽ ശാന്തതയുള്ള ഹൃദയത്തിനുടമക ളാകാനാണ് നമ്മുടെ എല്ലാവരുടെയും ദൈവ വിളി.

അല്ലെങ്കിലും എന്തിനാണ് നമ്മുടെ ഹൃദയം ഇത്ര മാത്രം അസ്വസ്ഥമാകുന്നത്? എങ്ങനെയാണ് ജീവിതത്തിന്റെ പ്രതീക്ഷകൾ നഷ്ടപ്പെട്ടുപോ കുന്നത്? നമ്മുടെ ഹൃദയം അസ്വസ്ഥമാകുന്ന തിനും ജീവിതത്തിന്റെ പ്രതീക്ഷകൾ അകാല ത്തിലേ നഷ്ടപ്പെടുന്നതിനും കാരണം ഒന്നേയു ള്ളൂ - മനുഷ്യന് ദൈവത്തിലുള്ള വിശ്വാസം കുറ യുന്നു. ദൈവത്തിലുള്ള വിശ്വാസം കുറയു മ്പോഴാണ് നമ്മുടെ ഹൃദയം അസ്വസ്ഥമാകു ന്നത്. ദൈവത്തിൽ ആശ്രയിച്ചും ദൈവവിശ്വാസ ത്തിൽ അടിയുറച്ചും ജീവിക്കുന്ന ഒരു വ്യക്തിക്ക് ഒന്നിനെക്കുറിച്ചും ആകുലതകളുണ്ടാകില്ല. വരും കാര്യങ്ങളെയോർത്ത് അവർക്കൊരു ഉത്കണ്ഠ യുമുണ്ടാകില്ല. കാരണം, മരണത്തെ തോൽപിച്ച് ഉത്ഥാനം ചെയ്ത ക്രിസ്തുവിലാണ് അവർ വിശ്വ സിക്കുന്നത്.

യേശുക്രിസ്തുവാകുന്ന ജീവന്റെ വഴിയിലൂടെ സഞ്ചരിക്കുമ്പോഴാണ് അസ്വസ്ഥതകളിൽ നിന്നു നമ്മുടെ ഹൃദയത്തെ രക്ഷിക്കാനാവുന്നത്. മര ണത്തിൽ അവസാനിക്കുന്ന നശ്വരമായ ഒരു ജീവിതമല്ല അവൻ നമുക്ക് കാട്ടിത്തന്നത്. മറിച്ച്, മരണമെന്ന വാതിലിനപ്പുറം ജീവന്റെ പുതിയ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് അനശ്വരത യുടെ പുതുലോകമാണ് അവൻ നമുക്കായി ഒരു ക്കിയത്. നഷ്ടപ്പെട്ടുപോയ പറുദീസ മനുഷ്യനു തിരിച്ചുനൽകാൻ മനുഷ്യാവതാരം ചെയ്ത്, പീഡ സഹിച്ച്, മരിച്ച്, ഉത്ഥാനം ചെയ്ത മിശിഹാ നമ്മു ടെ ഓരോ ജീവിതസാഹചര്യത്തിലും നമ്മുടെ കൂടെയുണ്ടെന്ന ബോധ്യമാണ് ഇന്നത്തെ സുവി ശേഷം നമുക്കു നൽകുന്നത്.

ഇന്ന് ഈശോയുടെ സജീവസാന്നിധ്യമായി നില കൊള്ളുന്നത് വിശുദ്ധ കുർബാനയാണ്. വിശുദ്ധ കുർബാനയെ തികഞ്ഞ ബഹുമാനത്തോടെ സമീ പിക്കുകയാണ് ഈശോയെ സ്വന്തമാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം. അതിനാൽ, നമുക്ക് നമ്മു ടെ ഹൃദയത്തെ യേശുവിലേയ്ക്കു തിരിക്കാം. വിശുദ്ധ കുർബാന വഴി അവിടുത്തോട് കൂടു തൽ ചേർന്നുനിൽക്കാം. അങ്ങനെ ദൈവം ന മ്മിൽ നിന്ന് ആഗ്രഹിക്കുന്ന വിധത്തിൽ ശാന്ത മായ ഹൃദയത്തിനുടമകളായി ക്രിസ്തുവിനെ പിഞ്ചെല്ലുന്നവരാകാം. അതിനുള്ള കൃപയ്ക്കാ യി നമുക്ക് പ്രാർത്ഥിക്കാം. നല്ല ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമ്മേൻ.